LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ പാസ്സാക്കിയ നിയമങ്ങൾ

4 [5679] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
,, മാലേത്ത് സരളാദേവി:
ശ്രീ. എം. മുരളി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങൾ പ്രാബല്യത്തിൽ വരാതെയുണ്ട്;

(ബി) ബന്ധപ്പെട്ട ആക്റ്റുകൾക്ക് കീഴിലുണ്ടാക്കേണ്ടിയിരുന്ന ചട്ടങ്ങൾ ഉണ്ടാക്കാതിരുന്നതുകൊണ്ട് ആക്റ്റുകൾ പ്രാബല്യത്തിൽ വരുത്തിയെങ്കിലും അവ നടപ്പാക്കാൻ കഴിയാതിരുന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ആക്റ്റുകളെന്ന് പറയുമോ;

(ഡി) ഇവയിൽ ഓർഡിനൻസിന് പകരമുള്ള ആക്റ്റുകൾ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

അഡാപ്റ്റേഷൻ ഓഫ് ലാസ് ഓർഡർ പ്രകാരം നടപടി

4 [5680] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എം. മുരളി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1956 നവംബർ ഒന്നിന് മുമ്പ് നിലവിലിരുന്നതും, തിരുവിതാംകൂറിന് മാത്രമായോ കൊച്ചിക്ക് മാത്രമായോ ബാധകമായിരിക്കുന്നതുമായ എത്ര നിയമങ്ങൾ അഡാപ്റ്റേഷൻ ഓഫ് ലാസ് ഓർഡർ പ്രകാരം സംസ്ഥാനത്തിന് മുഴുവനായിട്ട് ബാധകമാക്കിയിട്ടുണ്ട്;

(ബി) ഇപ്രകാരമുള്ള നിയമങ്ങൾക്ക് പകരം ഏകീകൃത നിയമങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) തിരുവിതാംകൂറിന് മാത്രമായോ കൊച്ചിക്ക് മാത്രമായോ തിരു-കൊച്ചിക്ക് മാത്ര മായോ ബാധകമായിരുന്ന ഒരു നിയമവും 1956-ലെ ദി കേരളാ അഡാപ്റ്റേഷൻ ഓഫ് ലാസ് ഓർഡർ പ്രകാരം സംസ്ഥാനത്തിനു മുഴുവനായി ബാധകമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതികൾ

6 [5681] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഹൗസിംഗ് ബോർഡ് ഭവന നിർമ്മാണ പദ്ധതി കൾക്കായി ഏതെല്ലാം പ്രദേശങ്ങളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഭവന നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതി പ്രദേശ ങ്ങൾ ഏതെല്ലാം;

(സി) പണി പൂർത്തിയായ ഭവനങ്ങളിൽ/ ഫ്ളാറ്റുകളിൽ ഓരോ പ്രദേശത്തും അലോട്ട് ചെയ്യപ്പെടാത്തവ എത്ര എണ്ണം വീതമെന്നറിയിക്കുമോ;

(ഡി) പ്ലോട്ടുകളായി വിതരണത്തിന് തയ്യാറായിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാം;

(ഇ) യഥാക്രമം എത്ര എണ്ണമെന്ന് അറിയിക്കുമോ;

(എഫ്) ഭവന നിർമ്മാണ രംഗത്തെ ചെലവ് കുറയ്ക്കാനാവുന്ന ആധുനിക കണ്ടെ ത്തലുകൾ ജനകീയമാക്കാനുള്ള ഒരു സംരംഭം നാലാഞ്ചിറയിൽ ആരംഭിക്കുന്ന് കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ഹൗസിംഗ് ബോർഡ്, ഭവന നിർമ്മാണ പദ്ധതികൾക്കായി ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങൾ താഴെ പറയുന്നവയാണ്:

(1) അമ്പലമുക്ക് I & II
(2) എൻ. സി. സി. റോഡ് സ്കീം
(3) ചാക്ക
(4) മുട്ടട
(5) വെസ്റ്റ്ഫോർട്ട് പുന്നക്കൽ തോപ്പ് സ്കീം, പ്രശാന്ത് നഗർ സ്കീം
(6) പേരൂർക്കട (ഇന്ദിരാ നഗർ)
(7) പോങ്ങുംമൂട് (അനുപമ നഗർ)
(8) പട്ടം (വൃന്ദാവൻ I &II)
(9) തിരുമല വേട്ടമുക്ക്
(10) പാറ്റൂർ
(11) ദേവസ്വം ബോർഡ് ജംഗ്ഷൻ

(പണ്ഡിറ്റ് കോളനി എ ആന്റ് ബി, പണ്ഡിറ്റ് കോളനി എക്സ്റ്റൻഷൻ)

LIBRARY ARCHIVES Kerala Legislative Assembly